(എഫ്) സമ്മാനഘടന അനുസരിച്ച് മൊത്തം വരുമാനത്തിൽ കൈരളിയുടെ 46 ശതമാനവും മാവേലിയുടെ 43 ശതമാനവും പെരിയാറിന്റെ 33 ശതമാനവും സൗഭാഗ്യയുടെ 32 ശതമാനവും സമ്മാനമായി നൽകുന്നു.

(ജി-ഐ) ഈ കാലയളവിൽ 3,55,49,700 രൂപയ്ക്കായുള്ള സമ്മാനത്തുകകൾ വിതരണത്തിനായി ഉണ്ട്. ഈ സമ്മാനത്തുകകൾ നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

(ജെ) ഇല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

ചരമോപചാരം

ഇന്ദ്രജിത്ഗുപ്തയുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ, ഓർഡർ...

പ്രഗല്ഭ പാർലമെന്റേറിയനും പ്രമുഖ ട്രേഡ് യൂണിയൻ നേതാവും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയുടെ ജനറൽ സെക്രട്ടറിയുമായിരുന്ന ഇന്ദ്രജിത്ഗുപ്ത നിര്യാതനായി. നാല് പതിറ്റാണ്ടിലേറെക്കാലം ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനകോടികൾക്കുവേണ്ടി പാർലമെന്റിൽ അദ്ദേഹം പടപൊരുതി. 1960-ൽ ലോക്സഭയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട നാൾ മുതൽ, ചെറിയൊരു ഇടവേളയിലൊഴികെ, മരണം വരെ അദ്ദേഹം പാർലമെന്റംഗമായിരുന്നു. 1992-ൽ മികച്ച പാർലമെന്റേറിയനുള്ള ജി.ബി. പന്ത് അവാർഡ് അദ്ദേഹത്തിന് സമ്മാനിക്കപ്പെട്ടു. 1996-98 കാലയളവിൽ അദ്ദേഹം കേന്ദ്ര ആഭ്യന്തരമന്ത്രിയായിരുന്നു. 9.30 A.M]

ലാളിത്യവും ആദർശനിഷ്ഠയും രാഷ്ട്രീയ സദാചാരങ്ങളോടും മൂല്യങ്ങളോടുമുള്ള അചഞ്ചലമായ കൂറും പ്രത്യയശാസ്ത്രത്തോടുള്ള പ്രതിബദ്ധതയും ഇന്ദ്രജിത് ഗുപ്ത ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ചു. "അപൂർവ്വ വിപ്ലവകാരിയും മഹാനായ മനുഷ്യസ്നേഹി "യുമായിരുന്നു ഇന്ദ്രജിത് ഗുപ്ത എന്നാണ് ആദരണീയനായ രാഷ്ട്രപതി വിശേഷിപ്പിച്ചത്.

അദ്ദേഹത്തിന്റെ നിര്യാണം ട്രേഡ് യൂണിയൻ-ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് നികത്താനാവാത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

പരേതനോടുള്ള ആദരസൂചകമായി നമുക്ക് ഒരു നിമിഷം മൗനമാചരിക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly